കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 13 | മാർച്ച് 15 2025
ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 ഇടവിള നടീൽ വസ്തുക്കളുടെ സംഭരണവും കിറ്റ് വിതരണവും
3 കേര ഗ്രാമങ്ങൾ സ്വന്തം ബ്രാൻഡിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കണം : മന്ത്രി ശ്രീ. പി പ്രസാദ്
5 റബ്ബർബോർഡ് വനിതാദിനപരിപാടികൾ സംഘടിപ്പിച്ചു

## കരളകം പാടശേഖരത്തിൽ കൃഷി പുനരാരംഭിക്കുന്നതിന് രണ്ടുകോടിയുടെ സമഗ്ര പദ്ധതി ആവിഷ്കരിക്കും: കൃഷി മന്ത്രി ശ്രീ.പി. പ്രസാദ്



ആലപ്പുഴ നഗരസഭയിലെ കരളകം പാടശേഖരത്തിൽ വിവിധ കാരണങ്ങളാൽ മുടങ്ങിക്കിടക്കുന്ന നെൽകൃഷി പുനരാരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെ രണ്ടുകോടിയുടെ സമഗ്ര വികസന പദ്ധതി ആവിഷ്കരിച്ച് അടിയന്തരമായി നടപ്പിലാക്കുമെന്ന് കൃഷി മന്ത്രി ശ്രീ. പി പ്രസാദ്. കേരള നിയമസഭ കോൺഫറൻസ് ഹാളിൽ ചേർന്ന ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ഏതാണ്ട് 70 ഏക്കറോളം വിസ്തൃതിയുള്ള പാടശേഖരത്തിൽ ജല ആഗമന നിർഗമന സംവിധാനങ്ങളിലെ അപര്യാപ്തത, ബണ്ടുകളിൽ ചളി നിറഞ്ഞ് ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന സ്ഥിതി, കാർഷിക യന്ത്രങ്ങൾ പാടശേഖരത്തിലേക്ക് എത്തിക്കുന്നതിന് സൗകര്യമില്ലായ്മ, പുറംബണ്ടുകളിലെ ബലക്ഷയം തുടങ്ങി നിരവധി പ്രശ്നങ്ങളാൽ കഴിഞ്ഞ നാലുവർഷമായി കൃഷിയിറക്കാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളതെന്ന് യോഗത്തിൽ ആലപ്പുഴ എംഎൽഎ, പി പി ചിത്തരഞ്ജൻ അറിയിച്ചു. നഗരസഭയിലെ 4 വാർഡുകളിലായി നിലകൊള്ളുന്ന കരളകം പാടശേഖരത്തിന്റെ പ്രശ്നപരിഹാരത്തിന് മുൻ വർഷങ്ങളിൽ ഫണ്ട് വകയിരുത്തി പ്രശ്ന പരിഹാരത്തിന് ശ്രമിച്ചിട്ടുണ്ടെന്നും എന്നാൽ കഴിഞ്ഞ നാല് വർഷമായി കൃഷിയിറക്കാൻ കഴിയാതെ വന്നതോടെ ഇവിടം സാമൂഹിക വിരുദ്ധരുടെയും ഇഴ ജന്തുക്കളുടെയും താവളമായിമാറിയിരിക്കുകയാണെന്നും, ഇവയുടെ ഒക്കെ ശാശ്വത പരിഹാരത്തിന് കൃഷിവകുപ്പിന്റെ ഇടപെടൽ അത്യന്താപേക്ഷിതമാണെന്നും ചെയർപേഴ്സൺ കെ കെ ജയമ്മ യോഗത്തിൽ അറിയിച്ചു.

കൃഷിവകുപ്പ് എൻജിനീയറിങ് വിഭാഗത്തിനോട് (സ്റ്റേറ്റ് അഗ്രികൾച്ചറൽ എൻജിനീയർ) 10 ദിവസത്തിനകം ഒരു പഠനം നടത്തി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ കൃഷി മന്ത്രി നിർദേശം നൽകി. പാടശേഖരത്തിലെ ജലസേചന സംവിധാനം, പുനഃരുജ്ജീവനം, പുറം ബണ്ട് ബലപ്പെടുത്തൽ, 4 പമ്പ് ഹൗസുകളുടെ

ചീഫ് എഡിറ്റർ - ഹരിപ്രിയ ദേവി വി.വി.
എഡിറ്റർ - ഡോ. ബിന ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - മന കെ.ജി.
അസിസ്റ്റൻറ് എഡിറ്റർ - സുജിത്ത് എസ്.എസ്.

നിർമ്മാണം, കാർഷിക യന്ത്രങ്ങൾ ഉൾപ്പെടെ പാടശേഖരത്തിൽ എത്തിക്കുന്നതിന് ട്രാക്ടർ ബ്രിഡ്ജുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക്, കൃഷി വകുപ്പിന്റെയുംഎം.എൽ.എ ഫണ്ട്, നഗരസഭ ഫണ്ട് എന്നിവ സംയോജിപ്പിച്ചുകൊണ്ട് രണ്ടുകോടിയുടെ പദ്ധതി നടപ്പിലാക്കുമെന്ന് മന്ത്രി അറിയിച്ചു. പാടശേഖരത്തിന്റെ റിസർവ്വേനടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് റവന്യൂ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. ആലപ്പുഴ നഗരസഭാ വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സതീദേവി എം ജി, വാർഡ് കൗൺസിലർ അമ്പിളി അരവിന്ദ്, കൃഷിവകുപ്പ് ഡയറക്ടർ ശ്രീരാം വെങ്കിട്ടരാമൻ ഐ.എ.എസ്,കർഷക പ്രതിനിധി കെ സി ജോസഫ്,കൃഷി അഡീഷണൽ ഡയറക്ടർ മീന ടി ഡി, അഡീഷണൽ സെക്രട്ടറി സുരേഷ് കുമാർ കെ, സ്റ്റേറ്റ് അഗ്രികൾച്ചറൽ എൻജിനീയർ വി ബാബു, ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ അമ്പിളി സിതുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# ഇടവിള നടീൽ വസ്തുക്കളുടെ സംഭരണവും കിറ്റ് വിതരണവും



പത്തിയൂർ പഞ്ചായത്തിൽ ഗ്രാ മവിള പദ്ധതിയിൽ ഉൾപ്പെട്ടു ത്തി കൃഷി ചെയ്ത് വിളവെടുത്ത ഇടവിള നടീൽ വസ്തുക്ക ളുടെ സംഭരണം, ഇടവിള കിറ്റ് വിതരണം എന്നിവ മന്ത്രി ശ്രീ. പി പ്രസാദ് ഉദ്ഘാടനംചെയ്തു. പ്രസിഡന്റ് എൽ ഉഷ അധ്യ ക്ഷയായി. കൃഷിയിറക്കൽ പ്രഖ്യാപനം മുതുകുളം ബ്ലോ ക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡി അംബുജാക്ഷി നടത്തി. പ്രി ൻസിപ്പൽ കൃഷി ഓഫീസർ സി അമ്പിളി ഗ്രാമവിള പദ്ധതി വിശദീകരിച്ചു.



# കേര ഗ്രാമങ്ങൾ സ്വന്തം ബ്രാൻഡിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കണം : മന്ത്രി പി പ്രസാദ്




എല്ലാ കേര ഗ്രാമങ്ങളും സ്വന്തമായ ബ്രാൻഡിൽ നാളികേര അധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കണം എന്ന് കൃഷി മന്ത്രി ശ്രീ. പി. പ്രസാദ്.

കൃഷിക്കാരന് കാർഷികോൽപ്പന്നങ്ങൾക്ക് ഉയർന്ന മൂല്യം ലഭിക്കണമെങ്കിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമാണത്തിലൂടെയും വിപണനത്തിലൂടെയും മാത്രമാണ് സാധ്യമാവുക. കൃഷികൊണ്ട് അന്തസാർന്ന ജീവിതം നയിക്കാൻ കൃഷിക്കാരന് കഴിയണം. ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിക്കുന്നതിലൂടെയും യന്ത്രവൽകരണത്തിലൂടെയും നാളികേര ഉത്പാദനം വർധിപ്പിക്കാൻ കഴിയും. മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ ഉൽപാദനം വിപണനം എന്നിവയിൽ കൃഷിക്കാരൻ നിപുണത ആർജിക്കാൻ വേണ്ടുന്ന പദ്ധതികൾക്ക് മുൻതൂക്കം നൽകണം. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ ശാസ്ത്രീയ പരിശീലനം തദ്ദേശീയമായി തന്നെ നൽകും.

നാളികേര കൃഷിയുടെ ഉൽപ്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിച്ച് കേരകർഷകരുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി, സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ചെക്യാട്, നാദാപുരം ഗ്രാമപഞ്ചായത്തുകളിലായി നടപ്പിലാക്കിയ കേരഗ്രാമം പദ്ധതിയുടെയും സോയിൽ ഹെൽത്ത് കാർഡ് വിതരണത്തിന്റെയും ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.



നാളികേര ഉൽപാദനത്തിൽ നാം ഇനിയും മുന്നേറേണ്ടതുണ്ട്.കേരഗ്രാമം പദ്ധതിയിലൂടെ നാളികേരത്തിന്റെ ഉത്പാദനം ഗണ്യമായി വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. നാളികേര കർഷകർക്കു ഗുണപ്രദമാകുന്ന എല്ലാ കാര്യങ്ങളും ഗവൺമെന്റ് ചെയ്യുന്നുണ്ട്. നാളികേര ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ശാസ്ത്രീയ കൃഷിരീതി കർഷകർ അവലംബിക്കേണ്ടതുണ്ട്. മന്ത്രി അഭിപ്രായപെട്ടു.

കാർഷിക വിളകൾ നശിപ്പിക്കുന്ന വന്യമൃഗങ്ങളുടെ ശല്യം പരിഹരിക്കുന്നതിനായി ക്രിയാത്മക സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. വന്യമൃഗ ശല്യം നിയന്ത്രിക്കുന്നതിനായി വനം വകുപ്പുമായി ചേർന്ന് കൃഷിവകുപ്പ് പ്രവർത്തിക്കും

തരിശായി കിടക്കുന്ന പരമാവധി സ്ഥലങ്ങളെ കൃഷി യോഗ്യമാക്കി കൃഷി ഇറക്കണം. ഭക്ഷണം കഴിക്കുന്ന എല്ലാവരും കൃഷിയുടെ ആനുകൂല്യം പറ്റുന്നവരാണ്. അതുകൊണ്ടുതന്നെ എല്ലാവരും അവരവർക്ക് ആവശ്യമായ കാർഷിക ഉൽപ്പന്നങ്ങൾ എങ്കിലും

കൃഷി ചെയ്യാൻ സന്നദ്ധരായി മുന്നോട്ടുവരണം. ജനസംഖ്യ വർദ്ധനവ് ഈ രീതിയിൽ മുന്നോട്ടു പോവുകയാണെങ്കിൽ വരുന്ന 25 വർഷങ്ങൾക്കുള്ളിൽ ലോക ജനസംഖ്യ ആയിരം കോടി കവിയും. ഇപ്പോൾ ഉണ്ടാക്കുന്ന ഭക്ഷ്യധാന്യത്തിന്റെ ഇരട്ടിയിലധികം ഉല്പാദിപ്പിക്കേണ്ടതായി വരും. ഇത് കടുത്ത ഭക്ഷ്യ ക്ഷാമത്തിലേക്കും തുടർന്ന് ഭക്ഷണത്തിനു വേണ്ടിയുള്ള യുദ്ധത്തിലേക്കും നയിക്കും എന്ന വിദഗ്ധർ അഭിപ്രായപ്പെടുന്നു. മന്ത്രി കൂട്ടിച്ചേർത്തു.

നാദാപുരം, ചെക്യാട് ഗ്രാമപഞ്ചായത്തുകളിലായി നടന്ന ചടങ്ങുകളിൽ നാദാപുരം നിയോജകമണ്ഡലം എം.എൽ.എ. ഇ.കെ വിജയൻ അധ്യക്ഷത വഹിച്ചു. കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ സപ്ന എസ് പദ്ധതി വിശദീകരണം നടത്തി. തൂണേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ പി വനജ, ജില്ലാ പഞ്ചായത്ത്, മെമ്പർ പി.വി.എം. നജ്മ, നാദാപുരം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് വി.വി. മുഹമ്മദലി, ചെക്യാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് നസീമ കൊട്ടാരത്ത്, നാദാപുരം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് അഖില മര്യാട്ട്, കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരായ രൂപ നാരായണൻ, അജയ് അലക്സ്, തൂണേരി കൃഷി അസിസ്റ്റന്റ് ഡയറക്ടർ വിദ്യ പി, കൃഷി ഓഫീസർമാരായ അശ്വതി വിനോദ്, ഭാഗ്യലക്ഷ്മി ടി എസ്, ചെക്യാട് നാദാപുരം ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ സംഘടന പ്രതിനിധികൾ, കർഷകർ, ഹരിതകർമസേന അംഗങ്ങൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# അനാരോഗ്യകരമായ ഭക്ഷണശീലവും ജീവിതശൈലിയും രോഗാതുരമായ ഒരു ജനതയെ സൃഷ്ടിക്കുന്നു– കൃഷി മന്ത്രി ശ്രീ. പി. പ്രസാദ്



മലയാളികളുടെ അനാരോഗ്യകരമായ ഭക്ഷണ ശീലവും ജീവിതശൈലിയും രോഗാതുരമായ ഒരു ജനതയെ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ് കൃഷിമന്ത്രി ശ്രീ. പി പ്രസാദ് പറഞ്ഞു. കായക്കൊടി ഗ്രാമപഞ്ചായത്ത് ജനകി യാസൂത്രണം 2024-25 പച്ചക്കറി കൃഷി വിളവെടുപ്പ് ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

പുതിയ ഭക്ഷണ സംസ്കാരം, അനാരോഗ്യകരമായ ജീവിതശൈലി എന്നിവ ഇന്ന് മലയാളികൾക്കിടയിൽ വ്യാപകമായിരിക്കുന്നു. ഇത് രോഗാതുരമായ ഒരു ജനതയെ സൃഷ്ടിക്കും എന്നുള്ളതുകൊണ്ട് സർക്കാർ ഇതിനെ ഗൗരവതരമായി കാണുന്നു. വിഷവും മായവും കലർന്ന ഭക്ഷ്യ പദാർത്ഥങ്ങളിൽ നിന്ന് മലയാളി പിൻതിരിയേണ്ടതുണ്ട്. ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ട കൃഷിക്കൂട്ടങ്ങളുടെയും കർഷകോല്പാദക സംഘങ്ങളുടെയും നേതൃത്വത്തിൽ സമഗ്ര കാർഷിക വികസനത്തിനായി സംസ്ഥാന കൃഷിവകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ നാം ഇന്ന് പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തതയോട് അടുക്കുകയാണ്.

കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കൃഷിവകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സംയുക്ത നേതൃത്വത്തിൽ മറ്റു വകുപ്പുകളുടെയും ഏജൻസികളുടെയും വിഭവ സംയോജനത്തിലൂടെ ഇന്ന് കേരളത്തിൽ പച്ചക്കറി വികസനവുമായി ബന്ധപ്പെട്ട് ധാരാളം പദ്ധതി നടപ്പിലാക്കുന്നുണ്ട്.

ഇത്തരം പദ്ധതികൾ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കാൻ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ക്രിയാത്മകമായി ഇടപെടേണ്ടതുണ്ട്.ഓരോ ഗ്രാമപഞ്ചായത്തും ആ പ്രദേശത്തിന് ആവശ്യമായ ഭക്ഷണം ഉത്പാദിപ്പിക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്കരിച്ചിരിച്ചു

നടപ്പാക്കണം. ഇതിലൂടെ ഓരോ പ്രദേശത്തെയും തരിശുനിലങ്ങൾ വിളകൾ ഇറക്കി ഹരിതാഭമാക്കാൻ നമുക്ക് സാധിക്കും പഴം, പച്ചക്കറി മറ്റ് ധാന്യ-നാണ്യവിളകൾ എന്നിവ ജൈവ രീതിയിൽ ഉത്പാദിപ്പിക്കുന്നതിനു അനുയോജ്യമായ ആവാസവ്യവസ്ഥയാണ് നമുക്ക് ഉള്ളത്. പച്ചക്കറി പഴം കിഴങ്ങുവർഗ്ഗവിളകൾ എന്നിവയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ നമുക്ക് കഴിയും.

ചടങ്ങിൽ നാദാപുരം എം എൽ എ ഇ.കെ വിജയൻ അധ്യക്ഷത വഹിച്ചു. ജില്ല കൃഷി ഓഫീസർ സപ്ന എസ്, കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരായ രൂപ നാരായണൻ, അജയ് അലക്സ്, കുന്നുമ്മൽ ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ നൗഷാദ് കെ.ഇ എന്നിവർ ആശംസകൾ അറിയിച്ചു. കായക്കൊടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഷിജിൽ ഒ.പി. സ്വാഗതവും കൃഷി ഓഫീസർ ശ്രീഷ എം നന്ദിയും പറഞ്ഞു.

# കശുമാവ് ഗവേഷണ കേന്ദ്രം ഫാം ഡേ 'സ്പന്ദനം' റവന്യൂ മന്ത്രി അഡ്വ. കെ. രാജൻ ഉദ്ഘാടനം ചെയ്തു

കാർഷിക സർവ്വകലാശാല കശുമാവ് ഗവേഷണ കേന്ദ്രം ഫാം ഡേ 'സ്പന്ദനം' റവന്യൂ മന്ത്രി അഡ്വ. കെ. രാജൻ ഉദ്ഘാടനം ചെയ്തു. മാടക്കത്തറ കശുമാവ് ഗവേഷണ കേന്ദ്രത്തിൽ നടന്ന ചടങ്ങിൽ സർവകലാശാല രജിസ്ട്രാർ ഡോ. എ സക്കീർ ഹുസൈൻ അധ്യക്ഷത വഹിച്ചു. കർഷകർക്കുള്ള കാർഷിക ഉപകരണങ്ങളുടെ വിതരണം മാടക്കത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ഇന്ദിരാ മോഹൻ നിർവഹിച്ചു. ഗവേഷണ കേന്ദ്രവും കശുമാവ് വികസന ഡയറക്ടറേറ്റും തമ്മിലുള്ള സഹകരണത്തിനുള്ള ധാരണ പത്രവും ചടങ്ങിൽ കൈമാറി. കാർഷിക പ്രദർശനവും ചർച്ച ക്ലാസുകളും കാഷ്യു ക്ലിനിക്കും ഫാം ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ചിരുന്നു. കശുമാവ് വികസന ഡയറക്ടറേറ്റ് ഡയറക്ടർ ഡോ.ഫെമിന, സർവകലാശാല ഭരണസമിതി അംഗം ഡോ. സുരേഷ് കുമാർ പി.കെ, കംപ്ട്രോളർ ശ്രീ. കെ മദൻകുമാർ മാടക്കത്തറ, ഗ്രാമപഞ്ചായത്ത് മെമ്പർ സൂഫി സോജൻ ഡോ. കെ ലത, ഡോ. ജലജ എസ് മേനോൻ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.

# റബ്ബർബോർഡ് വനിതാദിനപരിപാടികൾ സംഘടിപ്പിച്ചു

അന്തർദേശീയ വനിതാദിനത്തോടനുബന്ധിച്ച് റബ്ബർബോർഡിൽ മാർച്ച് 4 മുതൽ 7 വരെ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ഈ വർഷത്തെ വനിതാദിന വിഷയം 'ഫിറ്റ് ഇന്ത്യ' എന്നതായിരുന്നു. അതനുസരിച്ച് ബോർഡിലെ എല്ലാ വനിതാഉദ്യോഗസ്ഥരും ചേർന്ന് 'ഫിറ്റ് ഇന്ത്യാ പ്രതിജ്ഞ' എടുത്തു. ബോധവത്ക്കരണപരിപാടിയുടെ ഭാഗമായി ബോർഡിലെ വനിതാജീവനക്കാരെ സംഘടിപ്പിച്ച് നടത്തിയ യോഗത്തിൽ കൊച്ചിയിലെ സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസസിലെ മുൻ പ്രിൻസിപ്പൽ ബിന്ദു കെ. മുഖ്യപ്രഭാഷണം നടത്തി.

സ്ത്രീകൾ നേടുന്ന വിദ്യാഭ്യാസം അവരുടെ സ്വഭാവ രൂപവത്കരണത്തിന് മുതൽക്കൂട്ടാകുന്നില്ല എന്നാണ് സമീപകാലത്ത് സ്ത്രീകൾ നേരിടുന്ന ഗാർഹികപ്രശ്നങ്ങളിൽ നിന്ന് മനസ്സിലാക്കുന്നതെന്നും ഉൾഭയം, സാമൂഹികവിലക്കുകൾ എന്നിവ പ്രശ്നങ്ങൾ തുറന്നുപറയാതെ സഹനത്തിന്റെ പാതയിൽ ജീവിക്കാൻ അവരെ നിർബന്ധിതരാക്കുന്നു എന്നും അവർ പറഞ്ഞു. ഭരണഘടനാപരമായി സ്ത്രീകൾക്കുള്ള അവകാശങ്ങളെക്കുറിച്ച് ഓരോ സ്ത്രീയും ബോധവതിയായിരിക്കുകയും ജീവിതത്തിന്റെ ഒറ്റപ്പെടലുകളിൽ സാമ്പത്തിക സുരക്ഷിതത്വം നേടാൻ വിവാഹത്തിന് മുൻപുതന്നെ സാമ്പത്തികമായി സ്വയം



വനിതാദിനത്തോടനുബന്ധിച്ചുള്ള ബോധവത്ക്കരണപരിപാടിയുടെ ഭാഗമായി റബ്ബർബോർഡിലെ വനിതാജീവനക്കാർക്ക് കൊച്ചിയിലെ സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസസിലെ മുൻ പ്രിൻസിപ്പൽ ബിന്ദു കെ. ക്ലാസ്സെടുക്കുന്നു.

പര്യാപ്തത കൈവരിക്കുകയും വേണം. പരസ്പരബഹുമാനം, സാമ്പത്തികസ്വാതന്ത്ര്യം എന്നിവയ്ക്ക് മുൻതൂക്കം കൊടുക്കുന്ന പങ്കാളികളെ കണ്ടെത്താൻ ശ്രമിക്കണമെന്നും അവർ ഉദ്ബോധിപ്പിച്ചു. അമ്മമാർ ആൺകുട്ടികളെ അക്രമത്തിന്റെ വഴിയിൽപെടാതെ ബോധവത്കരിക്കുന്നതോടൊപ്പം പെൺകുട്ടികളെ വിലക്കുകളുടെ ചട്ടക്കൂടുകൾക്കിടയിൽപെടുത്തി അവരുടെ സ്വപ്നങ്ങളും സ്വാതന്ത്ര്യവും നശിപ്പിക്കാതിരിക്കാൻ ശ്രമിക്കണമെന്നും അവർ ഓർമിപ്പിച്ചു.

ബോർഡിലെ വനിതാജീവനക്കാർ ചേർന്ന് "ഫിറ്റ്നസ് വാക്കത്തോൺ', യോഗാപരിശീലക ജലജ സന്തോഷിന്റെ നേതൃത്വത്തിൽ 'ഫിറ്റ് ഇന്ത്യാ യോഗ' എന്നിവയും നടത്തി.

# സുസ്ഥിരകൃഷിയുടെ പാഠങ്ങളുമായി വളം വ്യാപാരികൾ കർഷകരിലേക്ക്

തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നടന്ന ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ സർവീസസ് ഫോർ ഇൻപുട്ട് ഡീലർസ് (DAESI) കോഴ്സിന്റെ രണ്ടാമത്തെ ബാച്ച് വിജയകരമായി പരിശീലനം പൂർത്തിയാക്കി. ആത്മ പ്രൊജക്റ്റ് ഡയറക്ടർ ശ്രീമതി. ഷീല.എൻ അധ്യക്ഷത വഹിച്ച യോഗത്തിന്റെ ഉൽഘാടനവും ഡിപ്ലോമ സർട്ടിഫിക്കറ്റ് വിതരണവും മാടക്കത്തറ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഇന്ദിര മോഹനൻ നിർവഹിച്ചു. കോഴ്സിന്റെ ഭാഗമായി ആർജ്ജിച്ചിട്ടുള്ള സുസ്ഥിര പരിസ്ഥിതി സൗഹൃദ കൃഷിയുടെ അറിവുകൾ കർഷകരിലേക്ക് പകർന്നു നൽകുന്നതിനുള്ള ഉത്തരവാദിത്തം വളം ഡീലർമാർക്കുണ്ടെന്ന് ശ്രീമതി. ഇന്ദിര മോഹനൻ ഓർമിപ്പിച്ചു.

കർഷകരുമായി അടുത്തിടപെടുന്ന സ്ഥാപനങ്ങൾ എന്ന നിലയിൽ ശാസ്ത്രീയവും സുസ്ഥിരവുമായ പ്രകൃതി സൗഹൃദകൃഷിയുടെ അടിസ്ഥാന പാഠങ്ങൾ വ്യാപാരികൾക്ക് പകർന്നു കൊടുക്കുന്നതിനാണ് ഒരു വർഷം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ സർവീസസ് ഫോർ ഇൻപുട്ട് ഡീലർസ് (DAESI) എന്ന കോഴ്സ് ഭാരത സർക്കാരിന്റെ കീഴിലുള്ള നാഷണൽ അഗ്രികൾച്ചറൽ ആൻഡ് എക്സ്റ്റൻഷൻ മാനേജ്മെൻറ് രൂപം നൽകിയിട്ടുള്ളത്. കൃഷി വിജ്ഞാന കേന്ദ്രം, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ആത്മ തൃശ്ശൂർ എന്നിവർ സംയുക്തമായാണ് കോഴ്സ് നടത്തുന്നത് . 2023-24 ദേശി കോഴ്സിൽ ശ്രീ.ഡെൻഫിൻ .പി.ആർ.ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഡിപ്ലോമ ദാന ചടങ്ങിൽ ദേശി വിദ്യാർത്ഥി പ്രധിനിധി ശ്രീ. ബെന്നി ആന്റണി അനുഭവം പങ്കു വെച്ചു. കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. മേരി റെജീന, ദേശി ഫെസിലിറ്ററേറ്റർ ശ്രീമതി. ജയശ്രീ എൽ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

# വിളപരിപാലന നിർദ്ദേശങ്ങൾ

കുരുമുളക് വേരു പിടിപ്പിക്കുന്നതിനായിചുറ്റി വച്ച കൊടിത്തലകൾ മുറിച്ചെടുത്ത് രണ്ടോ മൂന്നോമുട്ടുകളുള്ള കഷ്ണങ്ങളാക്കിയതിനുശേഷംവേരുപിടിപ്പിക്കാൻ നടാം. ചെന്തലകളുടെ നടുഭാഗമാണ് നടാൻ ഉപയോഗിക്കേണ്ടത്. പോട്ടിങ്ങ് മിശ്രിതത്തിൽട്രൈക്കോഡെർമ്മ,മൈക്കോറൈസമുതലായജീവാണുക്കളുടെ കൾച്ചർ ചേർക്കുന്നത് തൈകൾഅഴുകി നശിക്കുന്നത് തടയും. പന്നിയൂർ 1,2,3,4,5,6,7, ശുഭകര, ശ്രീകര, കരിമുണ്ട, പഞ്ചമി, പൗർണമി, കൊറ്റനാടൻ, കുതിരവാലി, ബാലൻകൊട്ട, കല്ലുവള്ളിഎന്നിവകൂടുതൽ ഉൽപാദനം നൽകുന്ന ഇനങ്ങളാണ്. പന്നിയൂർ 6 തണലിലും, തുറസ്സായസ്ഥലത്തുംവളരു



ന്ന ഇനമാണ്. തിരികൾക്ക് നീളക്കൂടുതൽ ഉള്ള ഇനമാണ്പന്നിയൂർ 7. ഈ രണ്ടിനങ്ങളും എല്ലാവർഷവും നന്നായി കായ്ക്കുകയും ചെയ്യും.

കമുകിന്റെ ഒരു പ്രധാന പ്രശ്നമാണ് മഞ്ഞളിപ്പ്. ഇത് പല കാരണങ്ങളാൽഉണ്ടാകാം. മഴക്കാലത്തെ നീർവാർച്ച ഇല്ലാത്തതാണ് പ്രധാന കാരണം. മണ്ണിൽനൈട്രജൻ, പൊട്ടാഷ്, മഗ്നീഷ്യംഎന്നിവയുടെ അഭാവം മഞ്ഞളിപ്പിന് ഇടയാക്കും. മണ്ണ് പരിശോധനയുടെഅടിസ്ഥാനത്തിൽചിട്ടയായ പരിചരണത്തിലൂടെയുംസംയോജിത വളപ്രയോഗരീതിയിലൂടെയും മഞ്ഞളിപ്പ്മാറ്റിയെടുക്കാം. എല്ലാവർഷവുംഓരോ തടത്തിലും ഒരു കിലോഗ്രാംവീതം കുമ്മായം ചേർക്കുന്നത് നന്നായിരിക്കും.

പുഴുവില്ലാത്ത മാമ്പഴം കിട്ടുവാൻ വിളഞ്ഞ മാങ്ങകൾ പറിച്ചെടുത്ത് ഒരു ബക്കറ്റ്തിളച്ച വെള്ളവും, മുക്കാൽ ബക്കറ്റ് സാധാരണഊഷ്മാവിൽ ഉള്ള വെള്ളവുംകൂട്ടിചേർത്തതിൽലിറ്ററിന് 1 ഗ്രാം എന്നതോതിൽകറിയുപ്പ്ചേർത്ത് 15 മിനിറ്റോളംമുക്കിവയ്ക്കുക. അതിന് ശേഷം ഈ മാങ്ങ പുറത്തെടുത്ത് സാധാരണവെള്ളത്തിൽകഴുകിതുടച്ചതിനുശേഷം പാക്ക്ചെയ്യുകയോ പഴുപ്പിക്കാൻ വെയ്ക്കുകയോചെയ്താൽ പുഴുവില്ലാത്ത മാമ്പഴം കഴിക്കാം.

നാട്ടുമരങ്ങളിൽ വ്യാപകമായികാണപ്പെടുന്ന ഒരു ഉപദ്രവകാരിയായ കളയാണ്ഇത്തിക്കണ്ണികൾ. മാവ്, പ്ലാവ്, സപ്പോട്ട എന്നിങ്ങനെ പല ഫല വൃക്ഷങ്ങളിലുംറബ്ബർ, കശുമാവ്തുടങ്ങിയ നാണ്യവിളകളിലുംഇതു ധാരാളമായി കാണപ്പെടുന്നു. ഇവവിളകളുടെഉൽപ്പാദനം കുറയ്ക്കുകയുംഗുണനിലവാരത്തെ ബാധിക്കുകയുംചെയ്യുന്നതിനാൽഇവയുടെ നിയന്ത്രണം അനിവാര്യമാണ്.

ഇത്തിൾക്കണ്ണിയുടെ നിവാരണത്തിനായിഎത്രൽ എന്ന ഹോർമോൺ 25 മില്ലി ഒരു ലിറ്റർവെള്ളത്തിൽകലക്കിതളിക്കണം. റോക്കർസ്പ്രേയർ എന്ന ഉപകരണമാണ് സാധാരണയായി ഉപയോഗിക്കുന്നത്. ഇലകൾ വീണ്ടുംതളിർത്തു വരുന്ന പ്രധാന വേരുകളിൽ 2, 4 - D എന്ന കളനാശിനി 1 ഗ്രാം 20 മി.ല്ലിവെള്ളത്തിൽ എന്ന തോതിൽ പഞ്ഞിയിൽ നനച്ച് വെച്ച്കെട്ടുന്ന വഴിഇവയുടെവളർച്ച പൂർണ്ണമായും തടയാം. കൂടാതെവേനൽക്കാലത്ത് ചെറിയ തോതിലുള്ള ഇത്തിൾക്കണ്ണികളെ ഉപ്പ് തളിരിൽ വെച്ച് കെട്ടി നിയന്ത്രിക്കാം.

അന്തരീക്ഷ ഊഷ്മാവ്കൂടി വരുന്ന സാഹചര്യത്തിൽ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ ഉണങ്ങിയതോ ആയ ചകിരിയിട്ട് മൂടുന്നത് നല്ലതാണ്. തെങ്ങിന്റെചുവട്ടിൽ നിന്ന്മൂന്ന് മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാലുകീറിയോ ഓരോ തെങ്ങിന്റെ കടയ്ക്ക് ചുറ്റും തടിയിൽ നിന്നും രണ്ട് മീറ്റർ അകലത്തിൽ വട്ടത്തിൽചാലുകൾഎടുത്തോ അതിൽ ചകിരി നിരത്തിയ ശേഷം മണ്ണിട്ടുമൂടാം. ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേയ്ക്ക് വരത്തക്കവിധത്തിലാണ് ചകിരിചാലുകളിൽ അടുക്കേണ്ടത്. ഇതിന് മുകളിൽ മണ്ണിട്ടുമൂടണം. ചകിരി അടുക്കുന്നതുകൊണ്ടുള്ള ഗുണം 5-7 വർഷക്കാലം നിലനിൽക്കും. ചകിരിക്കു പകരം ചകിരിച്ചോറ് തെങ്ങൊന്നിന് 25 കി.ഗ്രാം എന്ന തോതിൽ ഓരോവർഷവും തടത്തിലിട്ടുമൂടുന്നതും ഈർപ്പം സംരക്ഷിക്കാൻ ഉതകും. തെങ്ങിനെ ബാധിക്കുന്ന പ്രധാന കീടമായ ചെമ്പൻ ചെല്ലികളെ നിയന്ത്രിക്കുന്നതിന് 250ഗ്രാം വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് 250ഗ്രാം മണലുമായി ചേർത്ത് ഓലക്കവിളിൽ നിക്ഷേപിക്കുക. ആക്രമണംരൂക്ഷമാണെങ്കിൽ തെങ്ങിൻ തടിയിലെദ്വാരങ്ങൾ കണ്ടുപിടിച്ച് മുകളിലത്തെ ദ്വാരങ്ങൾ ഒഴികെ മറ്റെല്ലാ ദ്വാരങ്ങളും അടച്ചതിനു ശേഷം മുകളിലത്തെ ദ്വാരത്തിലൂടെ ഇമിഡാക്ലോ പ്രിഡ്തെങ്ങൊന്നിന് 1മില്ലി 1ലിറ്റർവെള്ളത്തിൽ എന്ന തോതിൽഒഴിച്ചുകൊടുക്കുക.

വാഴയിൽഇലപ്പുള്ളിരോഗം കാണാൻ സാധ്യതയുണ്ട്. ഈ രോഗം നിയന്ത്രിക്കുന്നതിനായി 20 ഗ്രാംസ്യൂഡൊമോണാസ്ഒരു ലിറ്റർവെള്ളത്തിൽചേർത്ത്കുളിർക്കെ തളിക്കുക.

പച്ചക്കറികളിൽമണ്ഡരി, ഇലപ്പേൻ, വെള്ളീച്ച മുതലായ നീരൂറ്റിക്കുടിക്കുന്ന പ്രാണികൾ മൂലമുള്ള കുരുടിപ്പുരോഗം കാണാൻ സാധ്യതയുണ്ട്. 20 ഗ്രാം വെർട്ടിസീലിയം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. അല്ലെങ്കിൽ വേപ്പെണ്ണയടങ്ങുന്ന കീടനാശിനികൾ പത്ത് ദിവസംഇടവിട്ട്തളിക്കുകയോചെയ്യുക.

ചെടികളിൽകാണുന്ന വെളുത്ത പഞ്ഞിപോലുള്ള മീലിമൂട്ടയേയും പരന്ന ആകൃതിയിലുള്ള ശല്ക്കകീടങ്ങളേയും നിയന്ത്രിക്കാനായി 5 ഗ്രാം ബാർസോപ്പ്ചെറുതായി അരിഞ്ഞ് ചൂടുവെള്ളത്തിൽ ലയിപ്പിച്ച് ചെടികളിൽ തളിച്ചു കൊടുത്തതിന് ശേഷം ഒരു മണിക്കൂർ കഴിഞ്ഞ് വെർട്ടിസീലിയം ലക്കാനി എന്ന കുമിൾ20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കണം. ഇവ വൈകുന്നേരങ്ങളിൽ തളിക്കുന്നതാണ് ഉത്തമം. മീലിമൂട്ടയുടെ വംശവർദ്ധനവ് വളരെ കൂടുതലായതിനാൽ 2-3 ദിവസത്തിലൊരിക്കൽ ഈ കുമിൾലായനി തളിച്ചുകൊടുക്കണം. ഇവ വൈകുന്നേരങ്ങളിൽ തളിക്കുന്നതാണ് ഉത്തമം. ഇവയെ ലഭിക്കുന്നതിന് വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ ബയോകൺട്രോൾ യൂണിറ്റുമായോ/ മണ്ണുത്തി ATIC-മായോ ബന്ധപ്പെടുക. ഫോൺ നമ്പർ : 0487-2438303/ 0487-2370540.



# ആർ.എ.ആർ.എസ്, പിലിക്കോട് ലോക വനിതാ ദിനം ആചരിച്ചു

ആർ.എ.ആർ.എസ്, പിലിക്കോട്, വനിതാദിനാഘോഷത്തിന്റെ ഭാഗമായി കാർഷിക ഗവേഷണ കേന്ദ്രത്തിലെ മുഴുവൻ ജീവനക്കാർക്കും കരാട്ടെ പരിശീലന പരിപാടി നടത്തി. സ്ത്രീകളുടെ ആത്മവിശ്വാസം വർധിപ്പിക്കുകയും സ്വയംരക്ഷാ കഴിവ് മെച്ചപ്പെടുത്തുക, എന്നതായിരുന്ന ലക്ഷ്യം

പരിപാടി കേരള കാർഷിക സർവകലാശാലയുടെ ഉത്തര മേഖല അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, ഡോ. വനജ. ടി, ശ്രീ സാബു ജോസഫ് (അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, RARS, പിലിക്കോട്)ന്റെ അധ്യക്ഷതയിൽ ഉദ്ഘാടനം ചെയ്തു. ഡോ. മീര മഞ്ജുഷ എ വി (വനിതാ സെൽ ചെയർപേഴ്സൺ, RARS, പിലിക്കോട്) വനിതാദിന പ്രഭാഷണം നടത്തി. പ്രശസ്ത കരാട്ടെ പരിശീലകനായ ശ്രീ ജയകുമാർ പി (TAEKWONDO ബ്ലാക്കബെൽട്) പരിശീലനം നയിച്ചു. 2022 മാർച്ച് 28 മുതൽ 31 വരെ നേപ്പാളിൽ വച്ചു നടന്ന ഇന്ത്യ- നേപ്പാൾ ഇന്റർനാഷണൽ ബോക്സിങ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യക്കു വേണ്ടി വെള്ളി മെഡൽ നേടിയതിനു പിന്നാലെ ഐഡിയൽ ഇന്ത്യൻ റെക്കോർഡ്സിൽ സ്ഥാനം പിടിച്ച ശ്രീ ജയകുമാർ 20 വർഷത്തോളം കരാട്ടെ, കളരി, തൈകൊണ്ടോ, muay thai, കിക്ക് ബോക്സിങ് തുടങ്ങിയ നിരവധി കലകളിൽ പ്രാവീണ്യം നേടിയിട്ടുണ്ട്. 2022 ൽ ഇന്ത്യൻ ഐക്കൺ അവാർഡും ലഭിച്ചിട്ടുണ്ട്.

ശ്രീ രാജേഷ്. സി. വി (സ്റ്റാഫ് ക്ലബ് സെക്രട്ടറി) ശ്രീമതി ഗീത എം (ഫാം മാനേജർ) ശ്രീമതി അനു അൽഫോൻസാ അഗസ്റ്റിൻ (അസിസ്റ്റന്റ് പ്രൊഫസർ, അഗ്രോസ്റ്റോളജി) തുടങ്ങിയവർ സംസാരിച്ചു.

പരിശീലനം പങ്കെടുത്തവർക്ക് കരുത്തും ആത്മവിശ്വാസവും നൽകുന്നതിൽ നല്ല പ്രഭാവം ചെലുത്തിയതായി സംഘാടകർ അറിയിച്ചു.

# ഫുട്ബോൾ പരിശീലനം ആരംഭിച്ചു

കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ 'ഒപ്പം' ആദിവാസി ഉപജീവനസഹായപദ്ധതിയുടെ ഭാഗമായി ഇടിയംവയൽ ഗ്രാമത്തിൽ കളേഴ്സ് ഇടിയംവയൽ ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബിൻ്റെ സഹകരണത്തോട് കൂടി ഫുട്ബോൾ പരിശീലനം ആരംഭിച്ചു. സർവ്വകലാശാല ദത്തെടുത്ത ഗ്രാമങ്ങളിലെ യുവജനങ്ങളുടെ വ്യക്തിത്വ കായിക വികസന പദ്ധതിയുടെ ഭാഗമായിട്ടാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്. കോച്ച് ഷാഹുൽ ഹമീദിൻ്റെ നേതൃത്വത്തിൽ ആണ് പരിശീലനപരിപാടി ആരംഭിച്ചത്. യൂണിവേഴ്സിറ്റി റിസർച്ച് അസിറ്റൻ്റ് ജിപ്സ ജഗദീഷ്, കളേഴ്സ് ക്ലബ് സെക്രട്ടറി ശിവപ്രസാദ് എന്നിവർ പങ്കെടുത്തു.



ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Haripriya Devi V.V., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Harriet Ivan., Design & Layout : Maya Santhosh